## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 31 | 29/01/2019-ൽ മറുപടിയ്ക്ക്

# കേരള ബാങ്ക് രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.സി.ജോസഫ്**<br>**,, സണ്ണി ജോസഫ്**<br>**,, അനിൽ അക്കര**<br>**,, എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് അനുമതി നൽകിയ അവസരത്തിൽ റിസർവ്വ് ബാങ്ക് മുന്നോട്ട് വച്ചിരുന്ന നിബന്ധനകൾ പാലിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. 14 ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പാ ഉല്പന്നങ്ങൾ 01/01/2019 മുതൽ ഏകീകരിച്ചു. ജില്ലാ ബാങ്കുകളുടെയും സംസ്ഥാനസഹകരണ ബാങ്കിന്റെയും മൈഗ്രേഷൻ ആഡിറ്റ്, സി.എ.ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാലുവേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി. 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും തനത് ഫണ്ടിൽ നിന്നും ട്രഷറി നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അത് പിൻവലിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് പുതുതായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. ബാങ്ക് രൂപീകരണത്തിനുള്ള നിയമ ഭേദഗതി നിയമസഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കേരള ബാങ്ക് രൂപീകരണത്തിന് മുന്നോടിയായി ജില്ലാ സഹകരണ ബാങ്കുകളെ പിരിച്ചുവിട്ടിട്ട് രണ്ട് വർഷത്തിലേറെയായിട്ടും കേരള ബാങ്ക് രൂപീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (ബി) | ജില്ലാ സഹകരണ ബാങ്കുകൾ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്. റിസർവ്വ് ബാങ്കിന്റെ തത്വത്തിലുള്ള അനുമതിയോടെ ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. |
| (സി) | വായ്പേതര സംഘങ്ങളുടെ ജില്ലാ ബാങ്കിലെ വോട്ടവകാശം സർക്കാർ നിയമ ഭേദഗതിയിലൂടെ ഇല്ലാതാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (സി) | നിലവിലെ നിയമങ്ങൾ പ്രകാരം ജില്ലാ സഹകരണ ബാങ്കിലെ വോട്ടവകാശമുള്ള അംഗങ്ങൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/അർബൻ സഹകരണ ബാങ്കുകൾ എന്നിവയാണ്. വായ്പേതര സംഘങ്ങൾ നോമിനൽ/ അസ്സോസിയേറ്റ് അംഗങ്ങൾ മാത്രമാണ്. വായ്പേതര സംഘങ്ങൾക്ക് അവയുടേതായ അപ്പക്സ് സംഘങ്ങളുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ അപ്പക്സ് സംഘമാണ് ജില്ലാ ബാങ്കുകൾ. |
| (ഡി) | ജില്ലാ ബാങ്കുകളുടെ ലയന തീരുമാനത്തിന് മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്ന നിബന്ധനയുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിബന്ധനയിൽ എന്തെങ്കിലും മാറ്റം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | സംഘങ്ങളുടെ ലയനത്തിന് കേവല ഭൂരിപക്ഷം മാത്രം മതിയാകും എന്ന വിധത്തിലുള്ള നിയമ ഭേദഗതി അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | കേരള ബാങ്ക് ഭരണ സമിതിയുടെ ഘടന സംബന്ധിച്ച് നബാർഡ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ? | (ഇ) | കേരള ബാങ്ക് ഭരണസമിതിയുടെ സമ്പൂർണ്ണമായ ഘടന സംബന്ധിച്ച് നബാർഡ് നിർദ്ദേശങ്ങൾ ഇല്ല. ഭരണസമിതിയിൽ വായ്പേതര സംഘങ്ങൾക്ക് പ്രാതിനിധ്യം നൽകണമെന്ന് നബാർഡ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ നിലവിലെ സംസ്ഥാന സഹകരണ നിയമത്തിൽ ഇത് വ്യവസ്ഥ ചെയ്യുന്നില്ല. |

സെക്ഷൻ ഓഫീസർ